**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2734** **17-03-2022 - ൽ മറുപടിയ്ക്ക്**

**പത്തനാപുരത്തെ റബ്ബർ വർക്കേഴ്സ് ഇൻഡസ്ടീയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വക ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ബി ഗണേഷ് കുമാർ | | null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | പ്രവർത്തനരഹിതമായ പത്തനാപുരം താലൂക്ക് റബ്ബർ വർക്കേഴ്സ് ഇൻഡസ്ടീയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വക 22.47 സെൻറ് ഭൂമി സർക്കാർ ഭൂമിയായി ഏറ്റെടുക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് പത്തനാപുരം എം.എൽ.എ. 2018-ൽ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിന് അനുകൂലമായ റിപ്പോർട്ട് വ്യവസായ വാണിജ്യ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ബഹു. എം.എൽ.എ 2018-ൽ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പ് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളും സഹകരണ വകുപ്പിലെ ബി1 159 /2018 നമ്പർ ഫയലിന്റെ നിലവിലെ അവസ്ഥയും വിശദമാക്കുമോ; | (സി) | സഹകരണ നിയമത്തിൽ ഇളവനുവദിച്ച് 05/03/2022-ൽ പുറപ്പെടുവിച്ച സ.ഉ.(പി) നം. 25/2022/സഹ നമ്പർ ഉത്തരവ് 07/03/2022 ലെ അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നം. 216/2022 ആയി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഡി) | ബന്ധപ്പെട്ട വകുപ്പിൽ നിന്നും അനുകൂലമായ റിപ്പോർട്ട് ലഭ്യമായി വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത ഫയലിൽ തീരുമാനം എടുക്കാതിരിക്കുന്നതിന്റെ കാരണം വിശദമാക്കുമോ; | (ഡി) | സഹകരണ നിയമത്തിൽ ഇളവനുവദിച്ച് 05/03/2022-ൽ പുറപ്പെടുവിച്ച സ.ഉ.(പി) നം. 25/2022/സഹ നമ്പർ ഉത്തരവ് 07/03/2022 ലെ അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നം. 216/2022 ആയി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഇ) | പ്രസ്തുത ഭൂമി സർക്കാർ ഏറ്റെടുക്കണമെന്ന ആവശ്യം ഗൗരവകരമായി പരിഗണിച്ച് അനുകൂല നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഇ) | സഹകരണ നിയമത്തിൽ ഇളവനുവദിച്ച് 05/03/2022-ൽ പുറപ്പെടുവിച്ച സ.ഉ.(പി) നം. 25/2022/സഹ നമ്പർ ഉത്തരവ് 07/03/2022 ലെ അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നം. 216/2022 ആയി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

എച്ച്.സി/സി3/21120/2017(1)

വ്യവസായ വാണിജ്യ ഡയറക്ടറുടെ കാര്യാലയം
മൂന്നാം നില, വികാസ് ഭവൻ,
തിരുവനന്തപുരം, പിൻ: 695033.
ഫോൺ: 0471 2302422, 2304594
ഇ-മെയിൽ : industriesdirectorate@gmail.com
തീയതി : 12.05.2018

വ്യവസായ വാണിജ്യ ഡയറക്ടർ

പ്രിൻസിപ്പൽ സെക്രട്ടറി
വ്യവസായ (ബി) വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം: വ്യവസായം - പത്തനാപുരം താലൂക്ക് റബ്ബർ വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വക സ്ഥലം സർക്കാരിന് കൈമാറുന്നതു - സംബന്ധിച്ച്.

സൂചന:
1) 26.10.2017-ലെ ബി1/464/2017/വ്യവ: എന്ന നമ്പരുള്ള സർക്കാർ കത്ത്.
2) ബഹുമാനപ്പെട്ട കേരള നിയമസഭാ അംഗം ശ്രീ.കെ.ബി.ഗണേഷ് കുമാറിന്റെ 04.05.2018-ലെ 102/എംഎൽഎ-പിറ്റിപിഎം/ എൽഎസി/2018 എന്ന നമ്പരുള്ള കത്ത്.

സൂചന (1)ലേക്ക് സർക്കാരിന്റെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. പത്തനാപുരം റബ്ബർ വർക്കേഴ്സ് വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ (ക്യു)338 എന്ന സ്ഥാപനം 1996 മുതൽ ലിക്വിഡേഷൻ നടപടികളിലാണ്. എന്നാൽ സംഘത്തിന്റെ രജിസ്റ്ററുകളോ മറ്റു രേഖകളോ ഇപ്പോൾ ലഭ്യമല്ല. ഇവ കണ്ടെടുക്കുന്നതിന് ആർ.ഡി.ഓ മുഖേന, സഹകരണ നിയമം അനുശാസിക്കുന്ന വിധം നടപടി സ്വീകരിക്കുകയും അതിന്റെ ഭാഗമായി സംഘത്തിന്റെ മുൻ പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ വാസസ്ഥലങ്ങളിൽ സെർച്ച് വാറന്റ് പുറപ്പെടുവിച്ച് അന്വേഷണം നടത്തുകയും ചെയ്തെങ്കിലും രേഖകൾ കണ്ടെത്താൻ കഴിഞ്ഞില്ല. സംഘത്തിന് സ്വന്തമായുള്ളതും പത്തനാപുരം വില്ലേജിൽ, 3278/9 സർവ്വേ നമ്പരിലും 16/17770 നമ്പർ തണ്ടപ്പേരിലും ഉള്ള 22.47 സെന്റ് സ്ഥലം ലിക്വിഡേറ്ററുടെ അധീനതയിലാണ്. ആയതിന്റെ റവന്യൂ രേഖകളുടേയും പ്രമാണത്തിന്റെയും പകർപ്പുകൾ


Generated from eOffice by SAJILA T, ASO (B1) CO-OP, ASO (B1) CO-OP, Co-Op on 10/03/2022 03:23 PM

അധികാരികളിൽ നിന്നും ലഭ്യമാക്കി, വസ്തു ലേലം ചെയ്തു വിൽക്കുന്നതിന് നടപടി സ്വീകരിച്ചെങ്കിലും, തഹസ്സിൽദാർ നിശ്ചയിച്ച വിലയായ 23,02,500/- രൂപ ലഭ്യമാകാതെ വന്ന സാഹചര്യത്തിൽ, 15.07.2015-ലെ പ്രസ്തുത ലേലം സ്ഥിരപ്പെടുത്താൻ കഴിഞ്ഞില്ല.

സംഘത്തിന് ആകെ ബാധ്യതയായി ഉള്ളത് സർക്കാർ ഓഹരി പങ്കാളിത്തമായി അനുവദിച്ചിരുന്ന 20,000/-രൂപ (ഇരുപതിനായിരം രൂപ) മാത്രമാണ്. കേരളാ സഹകരണ സംഘം നിയമം 72,73; ചട്ടം 69 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സംഘത്തിന്റെ ആസ്തികൾ പണമാക്കിമാറ്റുകയും ബാധ്യതകൾ കൊടുത്തുതീർക്കുയും ചെയ്യേണ്ടത് ലിക്വിഡേറ്ററുടെ ഉത്തരവാദിത്വമാണ്. അതേ സമയം സംഘത്തിന്റെ ആസ്തിയേക്കാൾ വളരെ കുറഞ്ഞ അളവിൽ മാത്രമേ ബാധ്യത കാണുന്നുള്ളൂ. ഈ സാഹചര്യത്തിൽ ആസ്തി വിറ്റവിക്കുന്നത് ഒഴിവാക്കുന്നതിന് തടസ്സമില്ല എന്ന് കാണാവുന്നതാണ്.

ബഹുമാനപ്പെട്ട നിയമസഭാ സാമാജികൻ ആവശ്യപ്പെടുന്നതുപോലെ സംഘം വക ഭൂമി സർക്കാർ ആവശ്യത്തിന് ഏറ്റെടുക്കുന്നത് ഉചിതമായിരിക്കും. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ പത്തനാപുരം തഹസിൽദാർ കൊല്ലം ജില്ലാ കളക്ടർക്ക് അഭ്യർത്ഥന നൽകിയിട്ടുള്ളതായി കാണുന്നു.

മേൽ സൂചിപ്പിച്ചതുപോലെ സംഘം സർക്കാരിന് മടക്കി നൽകാനുള്ള 20,000/-രൂപയല്ലാതെ മറ്റ് അവകാശവാദങ്ങൾ ഇതിനിടയ്ക്ക് ആരും ഉന്നയിച്ചിട്ടില്ല. ആയതിനാൽ മറ്റ് ബാധ്യതകൾ ഇല്ല എന്ന നിഗമനത്തിൽ എത്താവുന്നതാണ്. ഈ തുക ബന്ധപ്പെട്ട ശീർഷകത്തിൽ (4000-01-05-99) ഒടുക്കികൊണ്ടോ തുക എഴുതിതള്ളാൻ സർക്കാർതലത്തിൽ തീരുമാനമെടുത്തുകൊണ്ടോ സ്ഥലം സർക്കാരിന് ഏറ്റെടുക്കാവുന്നതാണ്. അതേ സമയം കേരളാ സഹകരണ സംഘം നിയമത്തിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം നടപടി പൂർത്തിയാക്കാൻ ലിക്വിഡേറ്റർ ബാധ്യസ്ഥനായതിനാൽ സഹകരണ സംഘം നിയമത്തിലെ 72,73 എന്നീ വകുപ്പുകളിലേയും ചട്ടം 69 ലേയും വ്യവസ്ഥകളിൽ നിന്നും ഈ സംഘത്തിന്റെ ലിക്വിഡേഷൻ നടപടികൾക്ക്, 101-ാം വകുപ്പു സർക്കാരിന് നൽകുന്ന അധികാരം ഉപയോഗിച്ച് ഇളവു നൽകിക്കൊണ്ട് സർക്കാർ ഉത്തരവു പുറപ്പെടുവിക്കേണ്ടതും



Generated from eOffice by SAJILA T, ASO (B1) CO-OP, ASO (B1) CO-OP, Co-Op on 10/03/2022 03:23 PM

പ്രസ്തുത ഭൂമി സർക്കാരിന് കൈമാറാൻ ലിക്വിഡേറ്റർക്ക് നിർദ്ദേശം നൽകേണ്ടതുമുണ്ട്. മേൽ നടപടികൾ പ്രകാരം പ്രസ്തുത ഭൂമി ഏറ്റവും ഫലപ്രദമായി സർക്കാരിന് ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്. ഈ വിവരങ്ങൾ റിപ്പോർട്ടുചെയ്തുകൊള്ളുന്നു.

വിശ്വസ്തതയോടെ,

വ്യവസായ വാണിജ്യഡയറക്ടർക്കുവേണ്ടി

*an. C 10. 11.05.2018*



Generated from eOffice by SAJILA T, ASO (B1) CO-OP, ASO (B1) CO-OP, Co-Op on 10/03/2022 03:23 PM

©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2022 മാർച്ച് 07<br>07th March 2022<br>1197 കുംഭം 23<br>23rd Kumbham 1197<br>1943 ഫാൽഗുനം 16<br>16th Phalguna 1943 | നമ്പർ<br>No. | 755 |

GOVERNMENT OF KERALA

**Co-operation (B) Department**

ORDER

No. G.O(P)No.25/2022/Co-op *Dated, Thiruvananthapuram 05th March, 2022*
*21st Kumbham, 1197.*

**S. R. O. No. 216/2022**

WHEREAS, under sub-section (1) and (2) of section 72 of the Kerala Co-operative Societies Act, 1969 (21 of 1969), when the Registrar has made an order under section 71 of the said Act for the winding up of a society, he shall appoint a liquidator for the purpose and may fix his remuneration. The liquidator shall, on appointment take into his custody or under his control all the property, effects and auctionable claim to which the society, is or appears to be entitled and shall taken such steps as he may deem necessary or expendiate to prevent loss or deterioriation of or, damage to, such property, effects and claims;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

AND WHEREAS, sub-section (1) of section 73 of the said Act provides inter-alia that liquidator appointed under section 72 of the Act shall have a power to realise the assests of the Co-operative Society to whom he/she is appointed as liquidator, sale or otherwise. The liquidation is bound to adopt the procedures envisaged under rule 69 of the Kerala Co-operative Societies Rules, 1969;

AND WHEREAS, sub-rule (2) of rule 61 of the above said Act, on the winding up of a society, the reserve fund together with other funds constituted by the society, in accordance with its bye-laws, shall be applied by the liquidator to discharge such liability of the society;

AND WHEREAS, under rule 69 of the Kerala Co-operative Societies Rules, 1969 where the liquidator has been appointed under sub-section (1) of section 72, the procedure to be adopted by the liquidator is laid down;

AND WHEREAS, the Pathanapuram Taluk Rubber Workers Industrial Co-operative Society Limited No. Ind(Q) 338 in Kollam District has registered under the Industries Department is now under liquidation. The said Society have a landed property to an extent of 09.21 ares in its own assets and Rs.20,000/- as liability to Government. The Director of Industries and Commerce reported that it would be appropriate to keep the land under the custody of Government after settling the liabilites rather than sale by auction as envisaged under section 73 of the said Act. The Director of Industries and Commerce has recommended that the provisions under section 72 and sub-section(1) of section 73 of the said Act and rule 61 and 69 of the said Rules be exempted in the case of the Society so that the liquidator has hand over the lands to the revenue authorities for a cost calculated as the liabilities of the society;

AND WHEREAS, the Government have examined the matter in detail and are satisfied that it is necessary to exempt the said society from the provisions of section 72 and sub-section (1) of section 73 and rule 61 and 69 of the Kerala Co-operative Societies Rules, 1969 so as to enable the Pathanapuram Taluk Rubber Workers Industrial Co-operative Society Limited No. Ind (Q) 338, registered under the Industries Department is now under liquidation, to appropriate to keep the land under the custody of Government after settling the liabilites rather than the sale by auction as envisaged under section 73 of the said Act, so that the Liquidator had handed over the lands to the revenue authorities for a cost calculated as liabilities of the society;

NOW THEREFORE, in exercise of the powers conferred under section 101 of the Kerala Co-operative Societies Act, 1969 and by rule 181 of the Kerala Co-operative Societies Rules, 1969, the Government of Kerala hereby exempt the

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Pathanapuram Taluk Rubber Workers Industrial Co-operative Society Limted No. Ind(Q)338, in Kollam District, registered under the Industries Department is now under the liquidation from the provisions of sections 72 and 73 of the said Act and rule 61 and 69 of the Kerala Co-operative Societies Rules, 1969, to appropriate to keep the land under the custody of Government after settling the liabilities rather than the sale by auction as envisaged under section 73 of the said Act, so that the Liquidator has handed over the lands to the revenue authorities for a cost calculated as libilities of the society.

By order of the Governor

**MINI ANTONY**
*Secretary to Government*

**Explanatory Note**

(This does not form part of the order, but is intended to indicate its general purport.)

Under sub-section (1) of section 73 of the Kerala Co-operative Societies Act, 1969 provides inter alia that the liquidator appointed under section 72 of the Act shall have power to realize the assets of a co-operative society to whom he / she is appointed as liquidator, by sale or otherwise. The liquidator is bound to adopt the procedures which envisaged under the rule 69 of the Kerala Co-operative Societies Rules, 1969. The Pathanapuram Taluk Rubber Workers Industrial Co-operative Society Limited No. Ind (Q)338, under liquidation, owns landed property to an extend of 09.21 Ares. The society has a total liability of Rs.20,000/- only to be settled. Hence the Director of Industries & Commerce has recommended that the provisions section 72 and sub-section (1) of section 73 of the said Act and rule 61 and 69 of the said Rules be exempted in the case of a society, so that the liquidator can handover the land to the Revenue authories for a cost the calculated as the liabilites of the society. The Government have examined the matter in detail and are satisfied that it is necessary to exempt the said Bank from the provisions of section 72 and sub-section (1) of section 73 and rule 61 and 69 of the Kerala Co-operative Societies Rules, 1969 so as to enable the Pathanapuram Taluk Rubber Workers Industrial Co-operative Society Limited No.Ind (Q) 338, registered under the Industries Department is now under liquidation, to appropriate to keep the land under the custody of Government after settling the liabilites rather than the sale by auction as envisaged under section 73

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

of the said Act so that the liquidator has handed over the lands to the revenue authorities for a cost calculated as the liabilites of the society.

This order is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/